# ഉള്ളടക്കം

* ആമുഖം
* വിദ്യാലയത്തിന്റെ ലഘുചരിത്രം, കൈവരിച്ച നേട്ടങ്ങൾ, പരിമിതികൾ, പോരായ്മകൾ
* നിലവിലുള്ള അവസ്ഥാ വിശകലനം (അക്കാദമികം, പരിമിതികൾ, നേട്ടങ്ങൾ)
* പൊതുലക്ഷ്യങ്ങൾ
* അക്കാദമിക മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ 2025-26
* പ്രവർത്തന വിശദാംശങ്ങൾ
* [മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തികം വിശകലനം]
* പ്രതീക്ഷിത നേട്ടങ്ങൾ [അക്കാദമിക മികവിന് ഊന്നൽ]
* മോണിറ്ററിംഗ്
* ഉപസംഹാരം

ആമുഖം

ഒരു ശതാബ്ദത്തിലേറെയായി ഔദ്യോഗിക രംഗത്തും കലാസാംസ്കാരിക രാഷ്ട്രീയ രംഗത്തും തലയെടുപ്പുള്ള പ്രതിഭകളെ സമ്മാനിച്ച സരസ്വതി ക്ഷേത്രമാണ് കടമാൻചിറ എൽ. പി. എസ്. 1907-ൽ ഈ വിദ്യാലയം കടമാൻചിറ എന്ന സ്ഥലത്ത് സ്ഥാപിതമായി. അതിനുശേഷം അയർക്കാട്ടു വയൽ ഭാഗത്തുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ പഠന സൗകര്യത്തിനായി ഈ വിദ്യാലയം അയർക്കാട്ടുവയൽ ഭാഗത്തേക്ക് മാറ്റി സ്ഥാപിച്ചു.

തൃക്കൊടിത്താനം പഞ്ചായത്തിലെ കടമാൻചിറ, അയർക്കാട്ടുവയൽ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഏകദേശം 2½ കി. മീ ചുറ്റളവിലുള്ള ഏക സർക്കാർ സ്ഥാപനമാണ് ഈ വിദ്യാലയം. ആദ്യകാലങ്ങളിൽ ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകളിലേക്ക് രണ്ടും, മൂന്നും ഡിവിഷനുകളിലായി ധാരാളം കുട്ടികൾ പഠിച്ചിരുന്നു. ഇപ്പോൾ ഈ വിദ്യാലയത്തിൽ പ്രീ- പ്രൈമറി തലം മുതൽ നാലുവരെയുള്ള ക്ലാസുകൾ പ്രവർത്തിക്കുന്നു.

## പരിമിതികൾ

എല്ലാ ക്ലാസ്റൂമുകളും സ്മാർട്ടാക്കേണ്ടതുണ്ട്.

## പൊതുലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തുക.
- വിദ്യാലയത്തെ അറിവിന്റെയും മികവിന്റെയും കേന്ദ്രമായി ഉയർത്തുക.
- പഠിതാവിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധി ലക്ഷ്യമാക്കുക.
- അതാതു ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ ഉറപ്പാക്കുക.
- സർഗ്ഗപരവും, അക്കാദമികവും കല - കായിക - ആരോഗ്യപരമായ കഴിവ് പ്രോത്സാഹിപ്പിക്കുക.
- മൂന്നു ഭാഷകളിൽ മികച്ച ആശയവിനിമയ ശേഷി കൈവരിക്കുക.
- ശിശു കേന്ദ്രീകൃതമായ സമീപനത്തിലൂടെ വിദ്യാലയത്തെയും, വിദ്യാർത്ഥികളെയും

## പരിമിതികളും പോരായ്മകളും

ചുറ്റുപാടുകളുള്ള ഹൈടെക് - നോൺ- ഹൈടെക് വിദ്യാലയങ്ങളുടെ കടന്നുകയറ്റം ഇന്ന് ഈ സ്കൂളിൽ കുട്ടികൾ കുറയുന്നതിനുള്ള പ്രധാന കാരണമാണ്. സ്മാർട്ട് ക്ലാസ് റൂമിന്റെ അഭാവം ഇവിടെയുണ്ട്.

## നിലവിലുള്ള അവസ്ഥാ വിശകലനം (അക്കാദമികം) നേട്ടങ്ങൾ

ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുത്ത് കഴിഞ്ഞ വർഷം മികച്ച വിജയം നേടാൻ സാധിച്ചിരുന്നു. എൽ. എസ്. എസ് പരീക്ഷയ്ക്ക് പങ്കെടുത്ത് അഭിമാനാർഹമായ നേട്ടം നേടാൻ കഴിഞ്ഞ വർഷം സാധിച്ചിരുന്നു. DCL, മൈക്രോ ടെസ്റ്റ് ചിത്രരചനാമത്സരങ്ങൾ, ശിശുക്ഷേമ സമിതിയുടെ മത്സരങ്ങൾ തുടങ്ങിയവയിലൊക്കെ ഈ സ്കൂളിലെ കുട്ടികൾ പങ്കെടുത്ത് മികച്ചനേട്ടം കൈവരിച്ചു. വായനയ്ക്ക് മുൻവർഷം പ്രാധാന്യം കൊടുത്തിരുന്നതിനാൽ പത്രം, ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾ വായിക്കുകയും അസംബ്ലിയിൽ അത് അവതരിപ്പിക്കുകയും ചെയ്തിരുന്നു. ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ ഒന്നുകൂടി ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാവീണ്യം നേടാൻ കഴിഞ്ഞിരുന്നു.

## അക്കാദമിക മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ 2025-26

* മലയാളമധുരം.
* ക്ലാസ് ലൈബ്രറി ഒരുക്കൽ
* സംയുക്ത ഡയറി
* സചിത്ര പുസ്തകം
* പത്രാങ്ക്
* രചനോത്സവം
* സർഗാത്മക ഡയറി
* ദിനാചരണങ്ങൾ
* വ്യക്തിഗത മാസ്റ്റർ പ്ലാൻ
* മലയാള ഭാഷാപരിപോഷണം
* ശാസ്ത്ര പോഷണ പരിപാടി
* ഫീൽഡ് ട്രിപ്പുകൾ
* പഠനയാത്രകൾ

2025-26 അധ്യയന വർഷത്തിൽ ഈ സ്കൂളിൽ 4 അധ്യാപകരും ഒരു പാർട്ട് ടൈം മീനിയലുമാണ് ഉള്ളത്. ഈ സ്കൂളിലെ എല്ലാ കുട്ടികളും പഠനത്തിൽ നല്ല നിലവാരം പുലർത്തുന്നു.

## കുട്ടികളുടെ എണ്ണം

| class | Boys | Girls | Total |
|---|---|---|---|
| I | 1 | 3 | 4 |
| II | 2 | 3 | 5 |
| III | 4 | 3 | 7 |
| IV | 2 | 3 | 5 |

അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

- ഭിന്നശേഷിക്കാരായ/പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും, പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- പ്ലാസ്റ്റിക് വിമുക്തവും, കീടനാശിനി വിമുക്തവും, ലഹരിവിമുക്തവുമായ ക്യാമ്പസ് രൂപപ്പെടുത്തുക.
- സ്കൂളും, പരിസരവും ഒരു പാഠപുസ്തകമാക്കി മാറ്റുക
- പഠന വിഷയങ്ങളിൽ അഭിരുചി വളർത്തൽ
- മൂന്നു ഭാഷകളിൽ മികച്ച ആശയ വിനിമയ ശേഷി കൈവരിക്കുക.
- സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള കുട്ടികളെ പൊതുവിദ്യാലയത്തിൽ എത്തിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പഠന സാമഗ്രികൾ | കാലം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലൈബ്രറി പുസ്തകങ്ങൾ | ദീർഘകാലം ജൂൺ മുതൽ മാർച്ച് വരെ | SRG ക്ലാസ്ടീച്ചർ |
| 2. വായന ശേഷി വളർത്തൽ | * ക്ലാസ് വായനക്കൂട്ടം<br>* ക്ലാസ് ലൈബ്രറി ഒരുക്കൽ<br>* പുസ്തക പരിചയം<br>* വായനാക്കുറിപ്പ്<br>* രചനാക്കുറിപ്പ്<br>* ആനുകാലിക വായന | | ജൂൺ → മാർച്ച് | HM<br>SRG<br>ക്ലാസ് ടീച്ചർ |
| 3. വ്യക്തിഗത മാസ്റ്റർ പ്ലാൻ [illegible] കുട്ടിയെ അറിയുവാൻ | * കുട്ടികളുടെ ഭൗതിക സാഹചര്യങ്ങൾ അറിയുക.<br>* കുട്ടികളുടെ താല്പര്യങ്ങൾ അറിയുക.<br>* നല്ല പഠനാന്തരീക്ഷം | | | |

* ഗണിതശേഷി വികസനം.
* ശാസ്ത്രലാബ് സജ്ജീകരിക്കൽ
* ദൃശ്യമേള (പ്രദർശനം)
* റീഡേഴ്സ് തിയേറ്റർ
* വിവിധ മേഖലയിലുള്ള വിദഗ്ദരുമായി അഭിമുഖങ്ങൾ
* കലാകായിക മേളകൾ
* സുംബ ഡാൻസ് പരിശീലനം
* ഐ. ടി പരിശീലനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പഠന സാമഗ്രി | കാലം | ചുമതല |
|---|---|---|---|---|
| 4 ജൂൺ-5<br>ലോക പരിസ്ഥിതിദിനം | വാർഡ് മെമ്പറുടെ നേതൃത്വത്തിൽ കുട്ടികൾക്ക് വൃക്ഷത്തൈ വിതരണം ചെയ്യുക.<br>* പരിസ്ഥിതി ദിന സന്ദേശം.<br>* പോസ്റ്റർ രചനാ മത്സരം.<br>* പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട ക്വിസ്.<br>* പ്രസംഗം, കവിതകൾ | വൃക്ഷത്തൈ | | |
| * ജൂൺ 19- വായനാദിനം.<br>വായനാ പരിപോഷണം. | * പി. എൻ പണിക്കർ അനുസ്മരണവുമായി ബന്ധപ്പെട്ട് പ്രസ്സ് ലൈബ്രറി സന്ദർശനം.<br>* ലൈബ്രറി പുസ്തക വിതരണം.<br>* വായനാ ദിന സന്ദേശം.<br>* സാഹിത്യകാരുമായി അഭിമുഖം. | | | |

| | | | | |
|---|---|---|---|---|
| 6. | * നാടൻ പാട്ടുകൾ, വാർത്തകൾ അവതരിപ്പിക്കൽ. | | | |
| ഇംഗ്ലീഷ് പദപ്രയോഗമായി വായിക്കാനും, സംസാരിക്കാനും ഉള്ള കഴിവുകളുടെ ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരുദിവസം പൂർണ്ണമായി ഇംഗ്ലീഷ് അസംബ്ലി | | ജൂൺ → മാർച്ച് | അധ്യാപകർ |
| 7 സംയുക്ത ഡയറി | * കുട്ടികൾ ഡയറിയെഴുതുന്നത് പരിശീലിക്കുന്നു.<br>* വൈകാരിക അനുഭവങ്ങൾ ഖണ്ഡികം എഴുതി അവതരിപ്പിക്കുന്നു<br>* എഴുത്തിനോടൊപ്പം മികച്ച വരികൾ വായിക്കുന്നു. | | ദീർഘകാലം ജൂൺ → മാർച്ച് വരെ | ക്ലാസ് അധ്യാപകർ |
| 8. ചിത്ര പുസ്തകം. | * ചിത്ര പുസ്തക ബുക്കിൽ പാഠഭാഗവുമായി ബന്ധപ്പെട്ട രചനകൾ ബുക്കിൽ വരയ്ക്കുന്നു.<br>* എല്ലാ കുട്ടികൾക്കും തുല്യപരിഗണന നൽകുന്നു. | കളർ പെൻസിൽ | ദീർഘകാലം | |

| | | | | |
|---|---|---|---|---|
| വൈക്കം മുഹമ്മദ് ബഷീർ ചരമദിനം | ബഷീർ കഥകൾ പരിചയപ്പെടുത്തൽ, ക്വിസ്, കഥാപാത്രാവിഷ്കരണം (വീഡിയോ, ഫോട്ടോ) | | ജൂലൈ 5-7 | അധ്യാപകർ |
| ചാന്ദ്രദിനം | * ബഹിരാകാശ സഞ്ചാരികളെ പരിചയപ്പെടുത്തൽ, ചാന്ദ്രദിന ക്വിസ്, വീഡിയോ പ്രദർശനം. | | ജൂലൈ 21 | SRG |
| ഐ.ടി പരിശീലനം | ഐ.ടി പുസ്തകമായ കളിപ്പെട്ടി വിശദീകരിക്കുന്നു. | | ദീർഘകാലം ജൂൺ – മാർച്ച് | ക്ലാസ് അധ്യാപകർ |
| ഹിരോഷിമ ദിനം | ICT ഉപയോഗിച്ച് യുദ്ധത്തിന്റെ വിപത്തുകളെ കുറിച്ച് വീഡിയോ പ്രദർശനം. സഡാക്കോ കൊക്ക് നിർമ്മാണം. ക്വിസ്, പോസ്റ്റർ രചന | | ഓഗസ്റ്റ് | ക്ലാസ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| 9. സർഗ്ഗാത്മക ഡയറി | * മലയാളം, ഇംഗ്ലീഷ് ഡയറി എഴുതാൻ<br>* ഉച്ചിൽ ടീച്ചറിലൂടെ കണ്ട കാര്യങ്ങൾ ഡയറിയിൽ എഴുതുന്നു. | | ജൂൺ → മാർച്ച് | ക്ലാസ് ടീച്ചർ |
| 10. ശാസ്ത്ര പഠനം | * ക്വിസ്സുകൾ<br>* പോസ്റ്ററുകൾ തയ്യാറാക്കൽ<br>* ലഘുപരീക്ഷണങ്ങൾ<br>* പ്രകൃതി നടത്തം.<br>* പരീക്ഷണക്കുറിപ്പുകൾ | | ദീർഘകാലം<br>ജൂൺ → മാർച്ച് | |
| 11. ലഹരി വിരുദ്ധ ദിനം | * ബോധവൽക്കരണ ക്ലാസ്<br>* ലഹരി വിരുദ്ധ പ്രതിജ്ഞ<br>* പോസ്റ്റർ തയ്യാറാക്കൽ | | | |
| 12. ഭാഷോത്സവം. | ആത്മവിശ്വാസത്തോടെ കുട്ടികളുടെ സ്വതന്ത്ര വായനക്ക് അവസരം. | | ജൂൺ 25 | |
| 13. രചനോത്സവം. | സ്വതന്ത്ര രചന<br>കുട്ടികളുടെ രചനാക്കുറിപ്പുകൾ | | ജൂൺ 27 | |